(സി) സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽനിന്നും ജില്ലാ ലേബർ ഓഫീസർ മുഖേന അർഹരായ തൊഴിലാളികൾക്ക് ധനസഹായം നൽകുന്നു. ക്ഷേമനിധിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം നൽകുന്നു. 16 ക്ഷേമബോർഡുകൾവഴി 27 പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.

സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ അഭ്യസ്തവിദ്യരുടെ കണക്കെടുപ്പ്

309 (998) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ അഭ്യസ്തവിദ്യരുടെ കണക്കെടുപ്പ് നടത്താൻ തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; അതിൽ ഐ.ടി മേഖലയിലുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള പാക്കേജുകൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം

310 (999) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പെരിങ്ങോം ഐ.ടി.ഐ. സ്ഥാപിക്കുന്നതിലേക്കായി അനുവദിക്കപ്പെട്ട ബ്ലോക്ക് നമ്പർ 39 റീ-സർവ്വേ 51-ൽപ്പെട്ട 2.0235 ഹെക്ടർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ലഭ്യമായ 350 ലക്ഷം രൂപയുടെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, കെട്ടിട നിർമ്മാണത്തിന് വേണ്ടിയുള്ള പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുവേണ്ടി പയ്യന്നൂർ പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഐ.ടി.ഐ. പ്രിൻസിപ്പാൾ നിർദ്ദേശം നൽകുകയും ആയത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും പ്ലാനും എസ്റ്റിമേറ്റും എത്രയും പെട്ടെന്ന് തയ്യാറാക്കുന്നതാണെന്ന് അറിയിക്കുകയുമുണ്ടായി. നിലവിൽ പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ കണ്ടെത്തുന്നതിനുള്ള കവട്ടേഷൻ നടപടികൾ പി.ഡബ്ല്യു.ഡി. അധികൃതർ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly